വൈ.2/510452/2022/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 01/06/2022.
supdty.dge@kerala.gov.in
ഫോൺ 04712580587

## പരിപത്രം

വിഷയം :- പൊതുവിദ്യാഭ്യാസം - ദേശീയ അദ്ധ്യാപക അവാർഡ് - 2022 - സംബന്ധിച്ച്.

സൂചന :- എം.എച്ച്.ആർ.ഡി വെബ്സൈറ്റ് www.mhrd.gov.in

---------

സൂചന വെബ്സൈറ്റിലെ നിർദ്ദേശ പ്രകാരം 2022 ലെ ദേശീയ അദ്ധ്യാപക അവാർഡിനുള്ള നോമിനേഷൻ കേന്ദ്ര സർക്കാർ ക്ഷണിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സർക്കാർ, സർക്കാർ എയ്ഡഡ് എന്നീ സ്കൂളുകളിലെ അദ്ധ്യാപകർക്കും, പ്രിൻസിപ്പാൾമാർക്കും, പ്രഥമാദ്ധ്യാപകർക്കും മേൽ സൂചന പ്രകാരമുള്ള വെബ്സൈറ്റിലെ http://nationalawardstoteachers.education.gov.in എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത് നോമിനേഷൻ നേരിട്ട് അപ്‌ലോഡ് ചെയ്യാവുന്നതാണ്. നോമിനേഷൻ ഫയൽ ചെയ്യേണ്ട അവസാന തീയതി 20/06/2022 ആണ്. ജില്ലാതല സെലക്ഷൻ കമ്മിറ്റി നോമിനേഷൻ സംസ്ഥാനതല കമ്മിറ്റിയിലേക്ക് അയക്കേണ്ട അവസാന തീയതി 15/07/2022 ആണ്. ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ ഘടന പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. ഇതനുസരിച്ചുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി വിദ്യാഭ്യാസ ഉപഡയറക്ടർമാർ രൂപീകരിക്കേണ്ടതാണ്. 2022 ലെ നാഷണൽ അദ്ധ്യാപക അവാർഡിന് വേണ്ടി നോമിനേഷൻ നൽകാൻ താല്പര്യമുള്ള അദ്ധ്യാപകർ പ്രസ്തുത വെബ്സൈറ്റ് സന്ദർശിച്ച് അതിൽ പരാമർശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നോമിനേഷൻ നൽകേണ്ടതാണ് എന്നുള്ള നിർദ്ദേശം എല്ലാ സ്കൂളുകൾക്കും അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അടിയന്തിരമായി നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഹയർസെക്കണ്ടറി വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും(വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം)
4. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പകർപ്പ് :

ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ
കൈറ്റ്, തിരുവനന്തപുരം. } ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്